I/193401/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035

ഫോൺ: 04712302490 ഫാക്സ്:04712303025/20303080

**ഇ-മെയിൽ** :dhskerala.hlth@kerala.gov.in

**വെബ്സൈറ്റ്:** www.dhs.kerala.gov.in

നം.എസ്3-9689/2023/ആ.വ.ഡ തീയതി: 16-04-2024

## നോട്ടീസ്

വിഷയം: ശ്രീമതി.ഷംല.ജെ-യുടെ ഫാർമസിസ്റ്റ് ഗ്രേഡ് 2 സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുന:ക്രമീകരിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന:
1. കത്ത് നം.DMOH-ALP/2777/2023-A5,തീയതി.03-08-2023
2. ഉത്തരവ് നം.ഇ.എസ്3-101931/09/ആ.വ.ഡ,തീയതി:24/06/2013
3. ഉത്തരവ് നം.EE4-82156/2010/ആ.വ.ഡ,തീയതി.10/12/2014
4. ഉത്തരവ് നം.ഇ.എസ്3-59191/2014/ആ.വ.ഡ,തീയതി:13/01/2016

ആലപ്പുഴ വനിത ശിശു ആശുപത്രിയിൽ നിലവിൽ ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി ജോലി ചെയ്തുവരുന്ന ശ്രീമതി.ഷംല.ജെ PII(3) 858/03/KPSC/2005 PLD DTD.15/06/2005 അഡ്വൈസ് പ്രകാരം പാലക്കാട് നെന്മാറ പി.എച്ച്.സിയിൽ ജോലിയിൽ പ്രവേശിക്കുകയും 08/06/2012-ൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 ആയി ആലപ്പുഴയിലേക്ക് അന്തർജില്ലാസ്ഥലം മാറ്റം വാങ്ങിയിട്ടും സീനിയോരിറ്റി നഷ്ടപ്പെടാതെ ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തതായി സൂചന 1 പ്രകാരം ആക്ഷേപമുന്നയിച്ചിരുന്നു.

ശ്രീമതി.ഷംല.ജെ-യുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും ടിയാരി **09/06/2012** മുതൽ ആലപ്പുഴ ജില്ലയിലെ എടത്വ സി.എച്ച്.സി-യിൽ ജോലിയിൽ പ്രവേശിച്ചതായും ബോധ്യപ്പെട്ടു.സൂചന 2-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച **1999-2008** കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 സീനിയോരിറ്റി പട്ടികയിൽ ടിയാരി അഡ്വൈസ് തീയതി പ്രകാരം **368-ാം** സ്ഥാനത്ത് ഉൾപ്പെട്ടിട്ടുണ്ട്.ടി റാങ്കിന്റെ അടിസ്ഥാനത്തിൽ സൂചന 3-ലെ ഉത്തരവ് പ്രകാരം ടിയാരിയ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിച്ചതായും സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടിയാരി അന്തർജില്ലാസ്ഥലംമാറ്റം വാങ്ങി ആലപ്പുഴ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ **09/06/2012** പരിഗണിച്ച് സൂചന 4-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച **2009-2013** കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ **287A** സ്ഥാനത്ത് ഉൾപ്പെടുത്തിയും സൂചന-2 പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ടിയാൾക്ക് നൽകിയ **368-ാം** സ്ഥാനം റദ്ദ് ചെയ്തും നോട്ടീസ് പുറപ്പെടുവിക്കുന്നു.

I/193401/2024

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| SL.NO. | PEN | NAME | EXISTING RANK NO.IN THE SENIORITY LIST OF PHARMACIST GR2 | PROPOSED RANK NO.IN THE SENIORITY LIST OF PHARMACIST GR2 | SENIORITY ASSIGNED DATE | REMARKS |
|---|---|---|---|---|---|---|
| 1. | 693142 | BABY SIJI.S | 287 | ---- | 30/05/2012 | |
| **2.** | **455266** | **SHAMLA.J** | | **287A** | **09/06/2012** | IDT FROM PKD TO ALP. REJOINED ON 09/06/2012 |
| 3. | 693165 | SINDHU.M | 288 | ---- | 20/06/2012 | EXTENSION OF JOIING TIME AVAILED |

മേൽ സൂചിപ്പിച്ച വിധത്തിൽ സീനിയോരിറ്റി അംഗീകരിച്ച നൽകുന്നതിൽ ആക്ഷേപമുള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം മേലധികാരി മുഖേന രേഖാമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ മേൽ സൂചിപ്പിക്കുംവിധം സൂചന 4-ലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയ നടപടി സ്ഥിരീകരിച്ച് ഉത്തരവ് നൽകുന്നതാണ്.

Signed by
Dr. Jayasree V
Date: 20-04-2024 11:42:34

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്**

ബന്ധപ്പെട്ട ജീവനക്കാർക്ക്(ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തിരം)

**പകർപ്പ്**

1. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ